(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോ ;

(സി) സ്പെഷ്യാലിറ്റി കേഡറിൽ ഇവിടെ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) താലൂക്ക് ആശുപത്രിയായി എന്നത്തേക്ക് പ്രവർത്തിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊണ്ടോട്ടി സി.എച്ച്.സി.-യുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) 'എ' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

8 (2559) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളിലെയും സ്പെഷ്യാലിറ്റി ആശുപത്രികളിലെയും സ്റ്റാഫ് പാറ്റേൺ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ ആശുപത്രികളിലാണ് സ്റ്റാഫ് പാറ്റേണനുസരിച്ചുള്ള തസ്തികകൾ ഉള്ളത് ; ജില്ലയിലെ ഓരോ താലൂക്കാശുപത്രികളിലും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളും അവയിൽ ഒഴിഞ്ഞു കിടക്കുന്നവയും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജാശുപത്രിക്കായി എത്ര തസ്തികകൾ, ഏതൊക്കെ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇവയിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തി ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് നിയമിക്കപ്പെട്ടവർ എവിടെയാണ് ജോലി ചെയ്യുന്നത് ;

(ഡി) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർജറി വിഭാഗത്തിൽ ഡോക്ടർ ഇല്ലാത്തതുമൂലം ഓപ്പറേഷൻ തീയേറ്റർ അടച്ചിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ തസ്തികകളിലും ആവശ്യമായ ആളുകളെ നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രിയിൽ 1961-ൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇതുസംബന്ധിച്ച ഉത്തരവ് നമ്പർ (ആർ.ടി.) 3150/61/ഹെൽത്ത് തീയതി 2-8-1961-ന്റെ പകർപ്പും ആയതിനുശേഷം സ്റ്റാഫ് പാറ്റേണിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 120/2002/ആകുവ തീയതി 8-5-2002, ഉത്തരവ് നമ്പർ (എം എസ്.) 568/08/ആകുവ തീയതി 6-11-2008 എന്നിവയുടെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പത്തനംതിട്ട ജില്ലയിലെ നാല് താലൂക്ക് ആശുപത്രികളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ ഇല്ല. ജില്ലയിലെ മല്ലപ്പള്ളി, കോന്നി, തിരുവല്ല, റാന്നി എന്നീ താലൂക്കാശുപത്രികളിലെ തസ്തികകളും ഒഴിവും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി) കോന്നി മെഡിക്കൽ കോളേജിനായി ഇതുവരെ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) റാന്നി താലൂക്ക് ആശുപത്രിയിൽ സർജറി വിഭാഗത്തിൽ ഡോക്ടർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ സർജറി വിഭാഗത്തിൽ ഒരു ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയാണ് ഉള്ളത്. ടി തസ്തികയിൽ നിലവിലുള്ള ഒഴിവ് നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി. ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് പ്രസ്തുത ഒഴിവ് നികത്തുവാനാണ് ഉദ്ദേശിക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റാന്നി താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകളിൽ ജൂനിയർ കൺസൾട്ടന്റ് ഒഴിവ് സർവ്വീസിലെ പി.ജി. ബിരുദമുള്ളവരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴിയും കൺസൾട്ടന്റ് ഒഴിവ് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷൻ വഴിയും നികത്തുന്നതാണ്. ഒഴിവുള്ള മറ്റ് തസ്തികയായ ഡ്രൈവർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**കുഞ്ഞുങ്ങൾക്കും സ്കൂൾ കുട്ടികൾക്കും നൽകുന്ന വാക്സിനേഷനുകൾ**

9 (2560) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുഞ്ഞുങ്ങൾക്കും സ്കൂൾ കുട്ടികൾക്കും എന്തെല്ലാം നിർബന്ധിത വാക്സിനേഷനുകളാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ;

(ബി) എല്ലാ വാക്സിനേഷനുകളും മുൻകൂർ പഠനങ്ങൾക്കും ശാസ്ത്രീയ പരിശോധനകൾക്കും ശേഷമാണോ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് റുബെല്ലയുടെ പ്രഭാവത്തെക്കുറിച്ച് എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പെൺകുട്ടികൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മോണോവാലന്റ് റുബെല്ല വാക്സിൻ എത്ര കാലത്തേക്കാണ് തുടരാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഇ) ഇത്തരം വാക്സിനേഷനുകൾ ഒരാൾക്കു തന്നെ ആവർത്തിച്ചു നൽകുന്നത് എന്തെങ്കിലും ദോഷഫലങ്ങൾ ഉണ്ടാകുമോയെന്നതിന് വേണ്ടത്ര പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(എഫ്) ഒരു വാക്സിൻ ഒന്നിൽ കൂടുതൽ തവണ ഒരേ ആൾക്കുതന്നെ നൽകുന്നത് ദോഷകരമാണെന്ന് തെളിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) കുഞ്ഞുങ്ങൾക്കും സ്കൂൾ കുട്ടികൾക്കും നിർബന്ധിത വാക്സിനേഷനുകൾ നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടില്ല. ദേശീയ രോഗ പ്രതിരോധ വാക്സിൻ പട്ടിക പ്രകാരം വാക്സിനുകൾ നൽകാൻ ഡോക്ടർമാർ നിർദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly